**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 646** **11-06-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടിയിലെ മണിമല നാളികേര പാർക്കിന്റെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടിയിലെ മണിമല നാളികേര പാർക്ക് നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; ചുറ്റുമതിൽ, വാച്ച് റൂം ക്യാബിൻ, ബോർ വെൽ എന്നിവയുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കുറ്റ്യാടി പാർക്കിന്റെ അടിസ്ഥാന സൗകര്യത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. പാർക്കിന്റെ പ്രധാന കവാടത്തോട് ചേർന്നുള്ള ചുറ്റു മതിലിന്റെ മുൻഭാഗം, വാച്ച് റൂം ക്യാബിൻ, കുഴൽ കിണർ എന്നിവയുടെ നിർമ്മാണം സെപ്റ്റംബർ 2024-നകം പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | നാളികേര പാർക്കിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | കുറ്റ്യാടി പാർക്കിലേക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനായി 250KVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി ആരംഭിക്കുകയും KSEB-യുമായി ബന്ധപ്പെട്ട് നടപടികൾ തുടർന്നുവരികയുമാണ്. |
| (സി) | പ്രസ്തുത നാളികേര പാർക്കിലേക്ക് വ്യവസായങ്ങളെ ക്ഷണിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നത്തേക്കാണെന്നും അതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (സി) | ഡിസംബർ 2024 ന് മുൻപായി പാർക്കിനുവേണ്ടി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിൽ നിന്നും 5 ഏക്കർ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് വ്യവസായങ്ങൾക്ക് യോഗ്യമാക്കുവാൻ കഴിയുമെന്നും 2025 ജനുവരിയോടെ പ്രസ്തുത പാർക്കിലേക്ക് വ്യവസായികളെ ക്ഷണിക്കുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ